ആലക്കോട് പള്ളിക്ക് സമീപം റോഡിലേക്ക് പതിച്ച പരസ്യ ബോർഡ് പോലീസും നാട്ടുകാരും ചേർന്ന് നീക്കുന്നു.

മാവുംതട്ടിലെ പുതുശേരി കൃഷ്ണന്റെ വീടിന് മുകളിലേക്ക് തെങ്ങ് വീണ നിലയിൽ

തെങ്ങ് വീണ് വീട് തകർന്നു; പരസ്യ ബോർഡ് വീണ് റോഡ് ഗതാഗതം സ്തംഭിച്ചു

ആലക്കോട്: കനത്ത കാറ്റിലും മഴയിലും തെങ്ങ് വീണ് വീട് തകർന്ന് ഒരു ലക്ഷത്തോളം രൂപയുടെ നഷ്ടം. മാവുംതട്ടിലെ പുതുശേരി കൃഷ്ണന്റെ വീടാണ് ഇന്നലെ വൈകുന്നേരം തകർന്നത്. ആസ്ബസ്റ്റോസ് മേഞ്ഞ വീടിന്റെ മേൽക്കൂരയിലേക്ക് തെങ്ങ് കടപുഴകി വീഴുകയായിരുന്നു.

കാറ്റിലും മഴയിലും കൂറ്റൻ പരസ്യ ബോർഡ് റോഡിലേക്ക് വീണ് ഗതാഗതം സ്തംഭിച്ചു. ഇന്നലെ വൈകുന്നേരം ആറ് മണിയോടെ ആലക്കോട് സെന്റ് മേരീസ് പള്ളിക്ക് സമീപം മെയിൻറോഡിലാണ് സംഭവം. റോഡരികിലെ സ്വകാര്യ വ്യക്തിയുടെ പറമ്പിൽ സ്ഥാപിച്ച സ്വകാര്യ സ്ഥാപനത്തിന്റെ പടുകൂറ്റൻ പരസ്യബോർഡ് റോഡിലേക്ക് പതിക്കുകയായിരുന്നു. സമീപത്തെ വൈദ്യുതി തൂണുകളും ലൈനും തകർത്താണ് ബോർഡ് വീണത്. ഇരുമ്പ് കമ്പികളിൽ സ്ഥാപിച്ച ബോർഡ് ശക്തമായ കാറ്റിൽ ചുവട് ഇളകിയാണ് റോഡിലേക്ക് പതിച്ചത്. ഈസമയം ഇതുവഴി കടന്നുപോയ വാഹനങ്ങളും യാത്രക്കാരും അത്ഭുതകരമായാണ് അപകടത്തിൽ നിന്ന് രക്ഷപ്പെട്ടത്. ഒരു മണിക്കൂറോളം മെയിൻ റോഡ് വഴിയുള്ള ഗതാഗതം തടസപ്പെട്ടു. ആലക്കോട് എസ്.ഐ ടി. സുനിൽകുമാറിന്റെ നേതൃത്വത്തിൽ പോലീസും നാട്ടുകാരും ചേർന്ന് ഏറെ സാഹസികമായി ബോർഡ് ഉയർത്തി മാറ്റിയാണ് ഗതാഗതം പുനസ്ഥാപിച്ചത്. കെ.എസ്.ഇ.ബി. ജീവനക്കാരും സ്ഥലത്തെത്തി വൈദ്യുതി വിതരണം പുനസ്ഥാപിച്ചു.

കൂറ്റൻ പരസ്യബോർഡ് വീണ് ലോട്ടറി സ്റ്റാളും വാഹനങ്ങളും തകർന്നു

കണ്ണൂർ: ഇന്ന് രാവിലെയുണ്ടായ കനത്ത കാറ്റിൽ പഴയ ബസ്സ്റ്റാന്റ് പരിസരത്തെ കൂറ്റൻ പരസ്യബോർഡ് നിലംപൊത്തിയപ്പോൾ ലോട്ടറി സ്റ്റാളും നിർത്തിയിട്ട വാഹനങ്ങളും തകർന്നു. ഓഫീസേഴ്സ് ക്ലബിന് സമീപത്തെ പരസ്യബോർഡ് വീണ് കൂടാളിയിലെ എ.സി. അബ്ദുറഹ്മാന്റെ ലോട്ടറി സ്റ്റാളാണ് പൂർണ്ണമായും തകർന്നത്. ഇതിനകത്തുണ്ടായിരുന്ന വികലാംഗനായ അബ്ദുറഹ്മാൻ ഭാഗ്യം കൊണ്ടാണ് തലനാരിഴക്ക് രക്ഷപ്പെട്ടത്. ഇതിനടുത്തായി നിർത്തിയിട്ടിരുന്ന കാറും ഓട്ടോറിക്ഷയും ബോർഡ് വീണ് തകർന്നിട്ടുണ്ട്.

കണ്ണൂർ ഓഫീസേഴ്സ് ക്ലബ് പരിസരത്ത് പരസ്യബോർഡ് വീണ് ലോട്ടറി സ്റ്റാൾ തകർന്നനിലയിൽ

കാറ്റിലും മഴയിലും ആലക്കോട് വൻ നാശനഷ്ടം

ആലക്കോട്: ഇന്ന് രാവിലെ 11.30 ഓടെ ആഞ്ഞടിച്ച ചുഴലിക്കാറ്റിൽ ആലക്കോട്, അരങ്ങം, നെല്ലിപ്പാറ, ഒറ്റത്തൈ, കാപ്പിമല, മണക്കടവ് പ്രദേശങ്ങളിലാണ് വൻ നാശനഷ്ടമുണ്ടായത്. ആലക്കോട്-അരങ്ങം റോഡിൽ മരം വീണ് ഗതാഗത തടസം ഉണ്ടാകുകയും എട്ടോളം വൈദ്യുത തൂണുകൾ തകരുകയും ചെയ്തു.

രാജ്യസഭാ സീറ്റ്: തീരുമാനം പുനപരിശോധിക്കണം; രാഹുൽ ഗാന്ധിക്ക് സതീശൻ പാച്ചേനി കത്തയച്ചു

കണ്ണൂർ: രാജ്യസഭാ സീറ്റ് വിഷയത്തിൽ കോൺഗ്രസ് നേതൃത്വം എടുത്ത നിലപാട് പാർട്ടി പ്രവർത്തകരുടെ മനോവീര്യം തകർക്കുകയാണെന്ന് കാണിച്ച് ഡി.സി.സി. പ്രസിഡന്റ് സതീശൻ പാച്ചേനി രാഹുൽ ഗാന്ധിക്ക് കത്തയച്ചു. നിസ്വാർത്ഥമായി പാർട്ടി പ്രവർത്തനം നടത്തുന്ന സാധാരണ കോൺഗ്രസ് പ്രവർത്തകരുടെ ആത്മവിശ്വാസം തകർക്കുന്ന ഇത്തരത്തിലുള്ള നടപടികൾ നേതൃത്വത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നത് ഏറെ വേദനാജനകമാണ്. രാജ്യസഭാ സീറ്റ് വിഷയത്തിൽ എടുത്ത തീരുമാനം പുനപരിശോധിക്കേണ്ടത് അത്യാവശ്യമാണ്. ഏതൊരു പാർട്ടി പ്രവർത്തകനും ഉൾക്കൊള്ളാൻ പറ്റാത്തതായ വിട്ടുവീഴ്ചകൾ നേതൃത്വത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമ്പോൾ അത് പാർട്ടിയെ ദുർബലപ്പെടുത്തുകയും അതുവഴി മുന്നണിയെ ദുർബലപ്പെടുത്തുകയുമാണ് ചെയ്യുന്നത്. കോൺഗ്രസ് ദുർബലപ്പെട്ട് മുന്നണി ശക്തിപ്പെടുകയില്ല എന്നത് യാഥാർത്ഥ്യമാണെന്നും പാച്ചേനി കത്തിൽ സൂചിപ്പിച്ചു.

കീഴാറ്റൂർ സ്കൂൾ പ്രശ്നം ചർച്ചയിലൂടെ പരിഹരിച്ചു

തളിപ്പറമ്പ: കീഴാറ്റൂർ എൽ.പി സ്കൂൾ വിദ്യാർത്ഥികളെ മറ്റ് പ്രദേശത്തെ സ്കൂളുകളിലേക്ക് കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട പ്രശ്നം പോലീസുമായുള്ള ചർച്ചയിൽ പരിഹാരമായി. ഈ അധ്യയന വർഷം വാഹനങ്ങൾ തടയില്ല. അടുത്ത വർഷം ഒന്നാംക്ലാസ് മുതലുള്ള കുട്ടികളെ ഈപ്രദേശത്ത് നിന്നും മറ്റ് സ്കൂളുകളിലേക്ക് കൊണ്ടുപോകാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്താനും ചർച്ചയിൽ തീരുമാനമായി. എസ്.ഐ കെ.കെ. പ്രശോഭ്, നഗരസഭ കൗൺസിലർ കെ. മുരളീധരൻ, ഡി.എം. ബാബു, സാൻജോസ് സ്കൂൾ, കൊട്ടാരം സ്കൂൾ, അക്കിപ്പറമ്പ് സ്കൂൾ എന്നീ സ്കൂളിലെ പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു.

മഴപെയ്താൽ റോഡ് കുളമാകുന്നു

കുറുമാത്തൂർ: മഴപെയ്താൽ ഈ സംസ്ഥാന പാതയിലൂടെയുള്ള യാത്ര അൽപം ക്ലേശകരമാണ്. ചെറിയ മഴയിൽത്തന്നെ കുറുമാത്തൂർ പെട്രോൾ പമ്പിന് മുന്നിലെ റോഡിൽ വെള്ളം നിറയുന്നതാണ് വാഹനയാത്രക്കാരെയും മറ്റുള്ളവരെയും ബുദ്ധിമുട്ടിലാക്കുന്നത്. വെള്ളം കാരണം ഇതുവഴി കാൽനടയാത്രപോലും സാധിക്കാത്ത സ്ഥിതിയാണ്. ഇരുചക്ര വാഹനങ്ങൾ ഇതുവഴി കടന്നു പോകുന്ന അവസ്ഥ പറയാതിരിക്കുന്നതാണ് ഭേദം. അശാസ്ത്രീയമായ റോഡ് നിർമ്മാണമാണ് പ്രശ്നത്തിന് കാരണമെന്ന് ആരോപണമുണ്ട്. റോഡിലുള്ള താഴ്ചയാണ് ഇവിടെ വെള്ളക്കെട്ടിന് കാരണമാകുന്നത്. പ്രശ്നം അടിയന്തിരമായി പരിഹരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

കഞ്ചാവ് വലിക്കുന്നതിനിടെ തളിപ്പറമ്പിൽ യുവാക്കൾ പിടിയിൽ

തളിപ്പറമ്പ: കഞ്ചാവ് വലിക്കുന്നതിനിടെ മൂന്ന് യുവാക്കളെ തളിപ്പറമ്പ പോലീസ് പിടികൂടി. പന്നിയൂർ പള്ളിവയലിലെ മപ്പാടിയമ്മൻ വീട്ടിൽ രാഗേഷ് (28), കർണ്ണാടകയിലെ ബോള്ളായിഹൗസിൽ മുഹമ്മദ് അർഷാദ് (24), പന്നിയൂരിലെ കാരോത്ത് ഹൗസിൽ സുനോജ് (27) എന്നിവരെയാണ് മെയിൻറോഡിന് സമീപത്തെ കെട്ടിടത്തിൽ വെച്ച് എസ്.ഐ പ്രശോഭിന്റെ നേതൃത്വത്തിൽ പിടികൂടിയത്. ഇവരിൽ നിന്ന് 50 ഗ്രാം കഞ്ചാവ് പിടിച്ചെടുക്കുകയും എൻ.ഡി.പി.എസ് പ്രകാരം കേസെടുക്കുകയും ചെയ്തു.

കുറുമാത്തൂരിൽ സംസ്ഥാന പാതയിൽ വെള്ളം കെട്ടിക്കിടക്കുന്നു.

WANTED
Wanted Sales Exicutive
Contact: No. 9809927233

കാവുമ്പായിൽ സി.പി.എം നേതാവിന്റെ അനുജന്റെ വീട്ടിൽ അക്രമം

ശ്രീകണ്ഠപുരം: കാവുമ്പായിൽ സി.പി.എം നേതാവിന്റെ സഹോദരന്റെ വീട്ടിൽ അക്രമം. ശ്രീകണ്ഠപുരം ഏരിയാ കമ്മിറ്റി യംഗമായ എം.സി.ഹരിദാസൻ മാസ്റ്ററുടെ സഹോദരൻ എം.സി. വിജയന്റെ വീട്ടിലാണ് ഇന്നലെ രാത്രി അക്രമം അരങ്ങേറിയത്.

വീട്ടുമുറ്റത്ത് നിർത്തിയിട്ട വാഗനർ കാർ, ബുള്ളറ്റ് ബൈക്ക്, ഹോണ്ട ബൈക്ക് എന്നിവക്ക് നേരെ അക്രമം നടന്നിട്ടുണ്ട്. കാറിന്റെയും ബൈക്കുകളുടെയും സൈഡ് ഗ്ലാസുകൾ തകർത്തിട്ടുണ്ട്. ഇന്റീക്കേറ്റർ, നമ്പർ പ്ലേറ്റുകൾ എന്നിവ അക്രമികൾ എടുത്തുകൊണ്ടുപോയി. മോട്ടോർ, അനുബന്ധ പൈപ്പുകൾ എന്നിവയും നശിപ്പിച്ച അവസ്ഥയിലാണ്. ചവിട്ടികൾ, വീട്ടുകാരുടെ ചെരുപ്പുകൾ എന്നിവയെല്ലാം കാണാതായിട്ടുണ്ട്. കാർഷിക വിളകളെയും വെറുതെ വിട്ടില്ല. കവുങ്ങ് ഉൾപ്പെടെയുള്ള വിളകൾ നശിപ്പിച്ചിട്ടുണ്ട്.

എം.സി. വിജയന്റെ വീട്ടുമുറ്റത്ത് അക്രമത്തിനിരയായ കാർ

സംഭവത്തിൽ രാഷ്ട്രീയമില്ലെന്നാണ് കരുതുന്നത്. വ്യക്തി വൈരാഗ്യമാണ് അക്രമത്തിന് പിന്നിലെന്ന് സൂചനയുണ്ട്. ഒരു വർഷം മുമ്പും ഈ വീട്ടിൽ അക്രമം നടന്നിരുന്നു. തേനീച്ച കർഷകനാണ് വിജയൻ. അതിനിടെ കാവുമ്പായിലെ സി.പി.എമ്മിന്റെയും മഹിളാ അസോസിയേഷന്റെയും കൊടികളും രാത്രി നശിപ്പിക്കപ്പെട്ടിട്ടുണ്ട്.

രാജ്യസഭ: എൽ.ഡി.എഫ് നിലപാട് മാറ്റി മൽസരത്തിന് തുനിഞ്ഞേക്കും

തിരുവനന്തപുരം: രാജ്യസഭയിലേക്ക് രണ്ടുപേർ മാത്രം നോമിനേഷൻ സമർപ്പിച്ചാൽ മതിയെന്ന മുൻ നിലപാട് തിരുത്താൻ എൽ.ഡി.എഫ് ഒരുങ്ങുന്നു. മൂന്ന് സീറ്റിലേക്കാണ് മൽസരം. രണ്ടുപേരെ എൽ.ഡി.എഫിനും ഒരാളെ യു.ഡി.എഫിനും നിഷ്പ്രയാസം ജയിപ്പിക്കാൻ കഴിയും. അതുകൊണ്ട് രണ്ടുപേർമാത്രം നോമിനേഷൻ നൽകിയാൽ മതിയെന്നാണ് എൽ.ഡി.എഫ് തീരുമാനിച്ചത്. എന്നാൽ യു.ഡി.എഫിൽ നിന്ന് ആറുപേർ വോട്ട് ചെയ്യാതിരുന്നാൽ എൽ.ഡി.എഫിന് മൂന്നാമത്തെയാളെയും ജയിപ്പിക്കാൻ കഴിയും. കോൺഗ്രസിലെ ആറ് യുവ എം.എൽ.എമാരടക്കം പരസ്യ പ്രതിഷേധവുമായി രംഗത്തുവന്നിരിക്കുകയാണ്. ഇതിന്റെ ഗതി എന്താകുമെന്ന് എൽ.ഡി.എഫ് നേതൃത്വം ഉറ്റുനോക്കുകയാണ്. പ്രതിഷേധം രൂക്ഷമാകുകയാണെങ്കിൽ ഒരാളെ കൂടി മൽസരിപ്പിക്കണമെന്നാണ് എൽ.ഡി.എഫ് നേതൃത്വം ഇപ്പോൾ ആലോചിക്കുന്നത്.

മൽസരം നടക്കുകയാണെങ്കിൽ കോൺഗ്രസ് നന്നേ വിയർക്കേണ്ടിവരും. ശബരിനാഥ്, ഹൈബി ഈഡൻ, ഷാഫി തുടങ്ങിയവരൊക്കെ പഴയനിലപാടിൽ ഉറച്ചുനിൽക്കുകയാണ്. ഇവരെ അനുനയിപ്പിക്കാനുള്ള ശ്രമം ഇതുവരെ വിജയിച്ചിട്ടില്ല. തിങ്കളാഴ്ചയാണ് രാജ്യസഭയിലേക്കുള്ള നാമനിർദേശപത്രിക സമർപ്പിക്കേണ്ടത്.

ലോട്ടറിസ്റ്റാളിൽ കവർച്ചാശ്രമം; കണ്ണൂരിൽ നാടോടി പിടിയിൽ

കണ്ണൂർ: പഴയ ബസ്സ്റ്റാന്റിലെ ലോട്ടറി സ്റ്റാളിൽ ഇന്നലെ രാത്രി കവർച്ചാശ്രമം. മിനി ലോട്ടറി ഏജൻസിസിലാണ് കവർച്ചാശ്രമം നടന്നത്. കമ്പിപ്പാര ഉപയോഗിച്ച് ഷട്ടറിന്റെ പകുതിയിലധികം പൊട്ടിച്ചെങ്കിലും കമ്പിപ്പാര അകത്ത് കുടുങ്ങിപ്പോയതിനാൽ ശ്രമം പരാജയപ്പെടുകയായിരുന്നു. ഒന്നും നഷ്ടപ്പെട്ടിട്ടില്ല. അതേസമയം കവർച്ച പതിവാക്കിയ നാടോടി യുവാവിനെ ഇന്ന് പുലർച്ചെ ടൗൺ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റ് പരിസരത്ത് കിടന്നുറങ്ങുകയായിരുന്ന കർണ്ണാടക ഷില്ലാഗ സ്വദേശി രവി (34)യെയാണ് എസ്.ഐ ശ്രീജിത്ത് കൊടേരിയുടെ നേതൃത്വത്തിൽ പിടികൂടിയത്. കണ്ണൂർ സിറ്റി, തലശേരി, മട്ടന്നൂർ, കണ്ണപുരം പോലീസ് സ്റ്റേഷൻ പരിധികളിൽ നിരവധി മോഷണക്കേസുകളിൽ പ്രതിയാണത്രെ രവി. കക്കൂസ് ടാങ്ക് വൃത്തിയാക്കുന്ന തൊഴിലാളിയായ രവി വർഷങ്ങളായി കണ്ണൂരിൽ കുടുംബ സമേതം പലയിടങ്ങളിൽ താമസമാണ്. ഇന്നലെ രാത്രി പഴയ ബസ്സ്റ്റാന്റിലെ ലോട്ടറിക്കടയിൽ കവർച്ചാ ശ്രമം നടക്കുമ്പോൾ ഇയാൾ കുടുംബത്തോടൊപ്പം ഇല്ലായിരുന്നു. ഇതാണ് കസ്റ്റഡിയിലാകാൻ കാരണം. വീടുകളിൽ ജോലി അന്വേഷിച്ചെത്തി കവർച്ച നടത്തുകയാണ് ഇയാളുടെ പതിവ്.

ജോസ് കെ.മാണിക്ക് ലഭിച്ചത് പേയ്മെന്റ് സീറ്റെന്ന് പി.സി. ജോർജ്

കോട്ടയം: ജോസ് കെ. മാണിക്ക് നൽകിയ കോൺഗ്രസിന്റെ രാജ്യസഭാ സീറ്റ് പെയ്മെന്റ് സീറ്റാണെന്ന് ജനാധിപത്യ കേരള കോൺഗ്രസ് ചെയർമാൻ പി.സി. ജോർജ് അഭിപ്രായപ്പെട്ടു. ഉമ്മൻചാണ്ടിയും ചെന്നിത്തലയും സഞ്ചരിക്കുന്ന അഴിമതിക്കൂടാരങ്ങളാണ്. എത്ര രൂപ മാണി മുടക്കിയെന്ന കാര്യം മാത്രം ഇനി പറഞ്ഞാൽ മതി. കോട്ടയം ലോക്സഭാ സീറ്റിൽ നിർത്തി മൽസരിപ്പിച്ചാൽ മകൻ നിലംതൊടില്ലെന്ന് കണ്ട അപ്പന്റെ ബുദ്ധിയാണ് ജോസ് കെ. മാണിയെ രാജ്യസഭയിലേക്ക് നേരിട്ട് എത്തിക്കാൻ കാരണമാകുന്നത്. അപ്പന് സീറ്റ് എന്ന് കരുതിയത് ഒരു രാത്രികൊണ്ട് അട്ടിമറിഞ്ഞ് മകനിലേക്കെത്തിയത് പി.ജെ. ജോസഫിനെ പിണക്കാതിരിക്കാനുള്ള തന്ത്രം കൂടിയാണ്. മാണിയാണ് രാജ്യസഭയിലേക്ക് പോകുന്നതെങ്കിൽ പാലായിൽ ഉപതിരഞ്ഞെടുപ്പ് വരുമായിരുന്നു. അങ്ങനെ വന്നാൽ പാലായിൽ മാണിപ്പാർട്ടിയുടെ സ്ഥിതി മനസിലായേനെയെന്നും ജോർജ് പരിഹസിച്ചു.

കെവിൻ വധക്കേസിലെ പ്രതി കസ്റ്റഡിയിലിരിക്കെ വീഡിയോകോൾ ചെയ്തു

കോട്ടയം: നിരന്തരം പഴി കേൾക്കുന്ന കേരള പോലീസ് വീണ്ടും വിവാദത്തിൽ. കെവിൻ കൊലക്കേസിലെ പ്രതി പോലീസ് വാഹനത്തിൽ ബന്ധുക്കളുമായി വീഡിയോ കോൾ ചെയ്തതിന്റെ ചിത്രങ്ങൾ പുറത്തുവന്നതാണ് പുതിയ വിവാദം. ഇന്നലെ കേസിലെ ഒമ്പത് പ്രതികളെയും റിമാണ്ട് കാലാവധി കഴിഞ്ഞതിനാൽ ഏറ്റുമാനൂർ കോടതിയിൽ കൊണ്ടുവന്നിരുന്നു. ബന്ധുക്കൾക്ക് സംസാരിക്കാൻ അവസരം വേണമെന്ന് പ്രതികൾ കോടതിയോട് ആവശ്യപ്പെടുകയും അനുവാദം നൽകുകയും ചെയ്തിരുന്നു. പ്രതി ഫെഫിൻ പക്ഷെ പോലീസ് വാഹനത്തിൽ ഇരുന്ന് ബന്ധുക്കളുമായി വീഡിയോ ചാറ്റിംഗ് നടത്തിയതാണ് വിവാദമായത്. ഇന്നലെ രാത്രിയോടെ ഇതിന്റെ ചിത്രങ്ങൾ നവമാധ്യമങ്ങളിൽ വന്നതോടെ പോലീസ് അന്വേഷണം ആരംഭിച്ചു. 24 മണിക്കൂറിനകം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സ്പെഷൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ആവശ്യപ്പെട്ടിട്ടുണ്ട്.

ഭർത്തൃമതിയുടെ തിരോധാനം; പോലീസ് അന്വേഷണം ഈർജ്ജിതമാക്കി

ആലക്കോട്: കാണാതായ യുവതിക്കായി പോലീസ് അന്വേഷണം ഊർജ്ജിതമാക്കി. തേർത്തല്ലി പനംകുറ്റിയിലെ പുതുപ്പറമ്പിൽ അരുണിന്റെ ഭാര്യ ധന്യ(24) യെയാണ് കഴിഞ്ഞ ഒന്നാം തീയതി മുതൽ കാണാതായത്. ഭർതൃവീട്ടിലേക്കെന്ന് പറഞ്ഞ് വെള്ളാടെ സ്വന്തം വീട്ടിൽ നിന്ന് പോയ യുവതിയെ പിന്നീട് കാണതാകുകയായിരുന്നു. ബന്ധുക്കൾ പലസ്ഥലങ്ങളിലും അന്വേഷണം നടത്തിയെങ്കിലും ഒരു വിവരവും ലഭിച്ചില്ല. മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്. പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചങ്കിലും സൂചനകളൊന്നും ലഭിച്ചില്ല. ആലക്കോട് സി.ഐ ഇ.പി.സുരേശന്റെ നേതൃത്വത്തിലാണ് അന്വേഷണം. യുവതിയെക്കുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുന്നവർ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ 8547285078 നമ്പറിലോ അറിയിക്കണമെന്ന് പോലീസ് അറിയിച്ചു.

ചരമം

അബ്ദുള്ള ഹാജി

തളിപ്പറമ്പ്: വെള്ളിക്കീലെ കെ.എം.അബ്ദുള്ളഹാജി(83) നിര്യാതനായി. ഭാര്യ: പരേതയായ ആയിഷ. മക്കൾ: അഷ്റഫ് ബാഖവി, സത്താർ ബാഖവി, ഹമീദ്, ഉസ്മാൻ അസ്അദി, ഖദീജ, പരേതയായ മുഹമ്മദ് കുഞ്ഞി. മരുമക്കൾ: മുഹമ്മദ്(റിട്ട.അധ്യാപകൻ, അരിയിൽ ഈസ്റ്റ് എൽ.പി. സ്കൂൾ), സുഹറ, ബുഷ്റ, സുബൈദ, റാബിഅ.

സുമേഷ്

കുപ്പം: മുക്കോണത്തെ പുല്ലായിക്കൊടി കളരിക്കൽ സുമേഷ്(37) നിര്യാതനായി. പിതാവ്: പരേതനായ കുഞ്ഞിരാമൻ. മാതാവ്: യശോദ. സഹോദരങ്ങൾ: സുലോചന, സുനിത. സംസ്കാരം ഇന്ന് വൈകുന്നേരം മുക്കോണം പൊതുശ്മശാനത്തിൽ.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2,875
പവന് :23,000

പവിത്ര ജ്വലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ജ്വല്ലറി കവർച്ച...

(ഒന്നാം പേജിൽ നിന്ന്)

അകത്ത് പെയിന്റിങ് നടക്കുകയാണെന്നും സാധനം ഇറക്കി വെച്ച് പൊയ്ക്കോളൂ എന്നുമാണത്രെ കള്ളൻ പറഞ്ഞത്. ഓട്ടോയിൽ നിന്ന് സാധനം ഇറക്കി വെക്കാൻ കള്ളൻ സഹായിക്കുകയും ചെയ്തു. വെളുത്ത് സുന്ദരനായ കള്ളൻ ടവൽ കൊണ്ട് മുക്കുപൊത്തിയ നിലയിലായിരുന്നുവെങ്കിലും പെയിന്റിംഗ് പണിക്കിടെ പൊടിയടിക്കാതിരിക്കാൻ ഇങ്ങനെ കെട്ടിയതാണെന്നല്ലാതെ മറ്റ് സംശയമൊന്നും തോന്നിയിരുന്നില്ല. പരിസരത്ത് ഓട്ടോറിക്ഷ ഉണ്ടായിരുന്നുവെന്ന് മനസിലാക്കിയ പോലീസ് ഇയാളെ കണ്ടെത്തി ചോദ്യം ചെയ്തപ്പോഴാണ് നിർണ്ണായകമായ ഈ വിവരം ലഭിച്ചത്.

കാറ്റിൽ വാഴ കൃഷിക്ക് വൻ നാശം

ആലക്കോട്: കനത്ത കാറ്റിലും മഴയിലും കാപ്പിമല മേഖലയിൽ വാഴകൃഷിക്ക് വൻനാശനഷ്ടം നേരിട്ടു. വിളവെടുപ്പിന് പാകമായ നൂറ് കണക്കിന് നേന്ത്രവാഴകൾ കാറ്റിൽ നിലംപൊത്തി. മഞ്ഞപ്പുല്ലിലെ വിറകൊടിയനാൽ ബിനോ, ജാൻസി, ആന്റണി തുടങ്ങിയ കർഷകർക്കാണ് വൻ നാശം നേരിട്ടത്. പതിനായിരത്തോളം വാഴകളാണ് ഇവിടെ നശിച്ചത്.

ശക്തമായ കാറ്റിലും മഴയിലും പ്ലാവ് റോഡിലേക്ക് ഒടിഞ്ഞ് വീണതിനെ തുടർന്ന് ഗതാഗതം തടസപ്പെട്ടു. ഇന്നലെ വൈകുന്നേരം കരുവഞ്ചാൽ- വായാട്ടുപറമ്പ് മലയോര ഹൈവേയിലാണ് സംഭവം. ഭാഗ്യം കൊണ്ടാണ് അപകടമൊഴിവായത്. കരുവഞ്ചാൽ, വായാട്ടുപറമ്പ് മേഖലയിൽ കാറ്റിലും മഴയിലും വൻ നാശമാണ് നേരിട്ടത്.

റമളാനിലെ ബാങ്കിന്റെ സമയം

ഇന്നത്തെ നോമ്പ്തുറ
6.54

ളുഹർ	12.31
അസർ	3.56
മഗ്രിബ്	6.54
ഇശാഅ്	8.13
സുബ്ഹ്	4.36

Elegant Ideas for a Stylish Lifestyle
Ideal decor
HOME 'N' OFFICE FURNITURE & ACCESSORIES
Level 2, City Square, at Shopprix super Centre
N.H. TALIPARAMBA
Ph: 0460 220 1123, 9207428880

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 192 RNI Reg.No.KER MAL/2007/22043